(ഡി) പ്രത്യേകമായി സർക്കാർ വിലയിരുത്തിയിട്ടില്ല. എന്നാൽ ബന്ധപ്പെട്ട ബ്ലോക്കുതല പട്ടികജാതി വികസന ആഫീസർമാർ ജില്ലാപട്ടികജാതി വികസന ഓഫീസർമാർ എന്നിവർ ഇവരുടെ സേവനങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന പട്ടികജാതിക്കാരുടെ ആശാഭിലാക്ഷങ്ങൾ മനസ്സിലാക്കി അവരുമായി വൈകാരികമായി താദാത്മ്യം പ്രാപിക്കാൻ കഴിയുന്ന വികസന സേവകരായി പ്രവർത്തിക്കുവാൻ എസ്.സി. പ്രൊമോട്ടർമാർക്ക് കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ വിവിധ ആനുകൂല്യങ്ങൾ അർഹരായവർക്ക് മനസ്സിലാക്കിക്കൊടുക്കാനും ആയത് അർഹരായവർക്ക് പ്രാപ്തമാക്കുന്നതിനും ഇവരുടെ സേവനം വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. 12-11-2002-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 740/02/പജ.പവ.വിവ. പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനും ഇവർ വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

എസ്. സി. പ്രൊമോട്ടേഴ്സിന്റെ കർത്തവ്യങ്ങൾ

148 [1953] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

" തേറമ്പിൽ രാമകൃഷ്ണൻ:

" വർക്കല കഹാർ:

ശ്രീമതി മലേത്ത് സരളാദേവി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. പ്രൊമോട്ടേഴ്സിന്റെ കർത്തവ്യങ്ങളും കടമകളുമെന്തെല്ലാമാണ്;

(ബി) ഇവർക്കു നൽകുന്ന പ്രതിഫലം എത്രയാണ്;

(സി) ഇവരെ നിയമിച്ചതെപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ കർത്തവ്യങ്ങളും കടമകളും നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതെപ്രകാരമാണ്;

(ഇ) ഇപ്പോൾ എത്ര എസ്.സി. പ്രൊമേട്ടേഴ്സ് സർവ്വീസിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇവരുടെ പ്രവർത്തനഫലമായി പട്ടികജാതിയിൽപ്പെട്ടവർക്ക് എന്തെല്ലാം പ്രയോജനമുണ്ടായി എന്ന് അറിയിക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിയമിച്ചിട്ടുള്ള എസ്. സി. പ്രൊമോട്ടർമാരുടെ ചുമതലകൾ നിർണ്ണയിച്ചുകൊണ്ട് 12-11-2002-ൽ സർക്കാർ (ആർ.ടി.) 740/02/പജ.പവ.വിവ. നമ്പരിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇവർക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ പ്രതിഫലം (ഹോണറേറിയം) നൽകുന്നു. എന്നാൽ പ്രീമെട്രിക് ഹോസ്റ്റലിലെ റസിഡന്റ് ട്യൂട്ടറുടെ ചുമതല കൂടി വഹിക്കുന്ന എസ്. സി. പ്രൊമോട്ടർക്ക് പ്രതിമാസ ഹോണറേറിയമായി 2500 രൂപയാണ് നൽകുന്നത്.

(സി) നിയമനത്തിനു നിശ്ചയിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും (പട്ടികജാതിയിൽപ്പെട്ട 18-നും 40-നും ഇടക്ക് പ്രായമുള്ള പ്രീഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ളവരായിരിക്കണം). പട്ടികജാതി ക്ഷേമ പ്രവർത്തങ്ങളിൽ ദീർഘകാല സേവന പരിചയമുള്ള 35-നും 50-നും ഇടക്ക് പ്രായമുള്ള പട്ടികജാതിക്കാരായ സാമൂഹ്യപ്രവർത്തകരേയും പരിഗണിക്കുന്നതാണ്. പത്രദ്വാരാ അപേക്ഷ ക്ഷണിക്കുകയും ഓരോ ജില്ലയിലും അപേക്ഷ സമർപ്പിക്കുന്നവരിൽ മതിയായ യോഗ്യതയുള്ളവരെ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസിൽവച്ച് കൂടിക്കാഴ്ച നടത്തുകയും ചെയ്യുന്നു. അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസറും ഡയറക്ടറെ പ്രതിനിധീകരിച്ച് ഡയറക്ടറേറ്റിൽ നിന്നും നിയോഗിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥനും ചേർന്നാണ് കൂടിക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ചക്ക് ശേഷം തയ്യാറാക്കുന്ന അർഹതയുള്ളവരുടെ പട്ടികപ്രകാരം അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസർ ഓരോ പഞ്ചായത്തിലും ഒന്നു വീതവും മുനിസിപ്പാലിറ്റികളിൽ മൂന്ന് വീതവും കോർപ്പറേഷനിൽ അഞ്ചു വീതവും എസ്. സി. പ്രൊമോട്ടർമാരെ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ഡി) ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള പട്ടികജാതി വികസന ഓഫീസറുടെ നിയന്ത്രണത്തിലാണ് എസ്. സി. പ്രൊമോട്ടർമാർ ജോലി ചെയ്യുന്നത്. ഓരോ മാസത്തേയും പ്രവർത്തനം സംബന്ധിച്ച് ഡയറി ഇവർ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയത് പരിശോധിച്ച് കർത്തവ്യങ്ങളും കടമകളും നിർവഹിക്കുന്നുണ്ടോ എന്നുറപ്പാക്കാവുന്നതാണ്.

(ഇ) ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ എല്ലാമായി ആകെ 1175 തസ്തികകളാണ് നിലവിലുള്ളത്. ഈ തസ്തികകളെല്ലാം നിയമനം നടത്തിയെങ്കിലും ചില ജില്ലകളിൽ നിയമനം നൽകിയവർ ചാർജ് എടുക്കാത്ത കാരണത്താലോ ചാർജ് എടുത്തശേഷം മറ്റു ജോലി ലഭിച്ചുപോയ സാഹചര്യത്തിലോ ഒഴിവുകൾ വന്നിട്ടുണ്ട്. ഈ ഒഴിവുകളെല്ലാം നികത്താൻ എല്ലാ ജില്ലാ പട്ടികജാതിവികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന പട്ടികജാതി വിഭാഗത്തിന് വകുപ്പുമുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അവരെ മനസിലാക്കാനും അപേക്ഷ ക്ഷണിക്കുന്ന അവസരങ്ങളിൽ യഥാസമയം അക്കാര്യം ഗുണഭോക്താക്കളിൽ എത്തിച്ച് ആനുകൂല്യം അർഹരായവർക്ക് ലഭ്യമാക്കുന്നതിനും പ്രൊമോട്ടർമാരുടെ സേവനഫലമായി കഴിഞ്ഞിട്ടുണ്ട്. കൂടാതെ 12-11-2002-ലെ സ.ഉ.(സാ) നം. 740/02/ പജ.പവ.വിവ-യിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിധമുള്ള വിവിധ മേഖലയിലുള്ള പ്രവർത്തനങ്ങളുടെയെല്ലാം ഗുണഫലങ്ങൾ പട്ടിക ജാതിക്കാർക്ക് ലഭിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ അവിവാഹിതരായ ആദിവാസി അമ്മമാർ

149 [1954] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. വി. ഡി. സതീശൻ:

" തേറമ്പിൽ രാമകൃഷ്ണൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആദിവാസി സ്ത്രീകളുടെയിടയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) അവിവാഹിതകളായ ആദിവാസി അമ്മമാർക്ക് അവരുടെ കുട്ടികളെ വളർത്താൻ കഴിവില്ലാത്തതിനാൽ ആ ജില്ലയിൽ അമ്മത്തൊട്ടിൽ ആരംഭിക്കുമോ;

(സി അവിവാഹിതകളായ ആദിവാസി അമ്മമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ഇവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

ആദിവാസികൾക്കായുള്ള നിലംപുരിലെ ആശ്രമം സ്കൂൾ

150 [1956] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്കായി നിലംപുരിൽ നിർമ്മിച്ച ആശ്രമം സ്കൂൾ കെട്ടിടം ഇപ്പോൾ പ്രവർത്തനയോഗ്യമാണോ;

(ബി) പ്രസ്തുത സ്കൂൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly